എ.വൈ.ആർ

മനോദൗഷ്ട്യം കൊണ്ടായാലും ദൗർബല്യം കൊണ്ടായാലും വിശ്വാസികളുടെ സമൂഹത്തിൽ അശ്ലീലം പ്രചരിപ്പിക്കുന്നത് ഇഹത്തിലും പരത്തിലും കൊടിയ ശിക്ഷയർഹിക്കുന്ന പാപമാണ്. സഹോദരങ്ങളുടെ അഭിമാനം ഹനിച്ചതിനും സമൂഹത്തിൽ അശ്ലീലം പരത്തി മലിനമാക്കിയതിനുമുള്ള പാരത്രിക ശിക്ഷ ഒഴിഞ്ഞുപോകാൻ ഒരു പഴുതുമില്ല; ആത്മാർഥമായ പശ്ചാത്താപമല്ലാതെ.



وَلَوْلَا إِذْ سَمِعْتُمُوهُ قُلْتُم مَّا يَكُونُ لَنَا أَن نَّتَكَلَّمَ بِهَٰذَا سُبْحَانَكَ هَٰذَا بُهْتَانٌ عَظِيمٌ ﴿١٦﴾

**16.** ഇതു കേട്ടപാടെ, ഇത്തരം സംഗതി സംസാരിക്കുന്നതേ നമുക്ക് ഭൂഷണമല്ല; സുബ്ഹാനല്ലാഹ്, ഇത് ഗുരുതരമായ ദുഷ്പ്രവാദമാകുന്നു എന്ന് നിങ്ങൾ പറയാതിരുന്നതെന്തുകൊണ്ട്?

**16**

وَلَوْلَا إِذْ سَمِعْتُمُوهُ قُلْتُمْ = അതു കേട്ടപ്പോൾ എന്തുകൊണ്ട് നിങ്ങൾ പറഞ്ഞില്ല (അതു കേട്ടപാടെ നിങ്ങൾ പറയാതിരുന്നത് എന്തുകൊണ്ട്)

مَا يَكُونُ لَنَا = നമുക്ക് ഉണ്ടാകുന്നതല്ല (നമുക്ക് ഭൂഷണമല്ല) أَنْ نَتَكَلَّمَ = നാം സംസാരിക്കുന്നത്(തേ)

بِهَٰذَا = ഇത് (ഇത്തരം സംഗതി) سُبْحَانَكَ = നീ (അല്ലാഹു) പരമ പരിശുദ്ധൻ (സുബ്ഹാനല്ലാഹ്)

هَٰذَا = ഇത് (ഈ കേൾക്കുന്നത്) بُهْتَانٌ = ദുഷ്പ്രവാദമാകുന്നു عَظِيمٌ = ഗുരുതരമായ

നീ (അല്ലാഹു) പരമ പരിശുദ്ധൻ, അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു എന്നാണ് سبحانك -യുടെ ആശയം. ഇത്തരം സന്ദർഭങ്ങളിൽ ഈ വാക്ക് ഉപയോഗിക്കുന്നത് معاذ الله -അല്ലാഹു കാക്കട്ടെ- എന്നതിനു സമാനമായാണ്. വചനതാൽപര്യമിതാണ്: മാന്യന്മാരും ശുദ്ധാത്മാക്കളുമായ ആളുകളെക്കുറിച്ച് ആഭാസ വർത്തമാനങ്ങൾ കേട്ടാൽ യഥാർഥ വിശ്വാസികൾ പ്രതികരിക്കേണ്ടത് സുബ്ഹാനല്ലാഹ്-ഉമ്മുൽ മുഅ്മിനീൻ ആഇശ(റ)യെപ്പോലെ ഒരു വിശുദ്ധ വനിതയെക്കുറിച്ച് ഇത്തരം കെട്ട കാര്യം സംസാരിക്കുക നമ്മുടെ സ്വഭാവത്തിനും സംസ്കാരത്തിനും ചേർന്നതല്ല. തികച്ചും വ്യാജമായ ദുഷ്പ്രവാദമാണിത്. പരദൂഷണ- غيبة -ത്തിന്റെ മുകളിലുള്ള തിന്മയാണ് بُهْتَانٌ . ഒരാളുടെ അഭാവത്തിൽ അയാളെക്കുറിച്ച് അയാൾ ഇഷ്ടപ്പെടാത്തത് പറയുകയാണ് പരദൂഷണം. പരദൂഷണം ചിലപ്പോൾ സത്യമാകാം. സത്യമല്ലാത്തതും സത്യമാകാൻ സാധ്യമല്ലാത്തതുമായ ആരോപണം ഉന്നയിക്കുകയാണ് بُهْتَانٌ. കേൾവിക്കാരനെ അമ്പരപ്പിക്കുന്ന കള്ളവാർത്ത- الخبر الكذب الّذي يُبْهِتُ السامع -എന്നാണ് ഭാഷയിൽ ഈ പദത്തിനർഥം. ■

يَعِظُكُمُ اللَّهُ أَن تَعُودُوا لِمِثْلِهِ أَبَدًا إِن كُنتُم مُّؤْمِنِينَ ﴿١٧﴾

**17.** ഇതുപോലുള്ള സംഭവങ്ങൾ ഇനിയൊരിക്കലും ആവർത്തിക്കരുതെന്ന് അല്ലാഹു ഉപദേശിക്കുന്നു; നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

وَيُبَيِّنُ اللَّهُ لَكُمُ الْآيَاتِ ۚ وَاللَّهُ عَلِيمٌ حَكِيمٌ ﴿١٨﴾

**18.** അല്ലാഹു നിങ്ങൾക്ക് മാർഗദർശക സൂക്തങ്ങൾ വിശദമാക്കിത്തരികയും ചെയ്യുന്നു. അല്ലാഹു സർവജ്ഞനും യുക്തിമാനുമല്ലോ.

**17, 18**

يَعِظُكُمُ اللَّهُ = അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു   أَنْ تَعُودُوا = നിങ്ങൾ മടങ്ങുന്നത് (ആവർത്തിക്കരുതെന്ന്)
لِمِثْلِهِ = അതു പോലുള്ളതിന് (ഈ പോലുള്ള സംഭവങ്ങൾ)   أَبَدًا = (ഇനി) ഒരിക്കലും
إِنْ كُنْتُمْ مُؤْمِنِينَ = നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ
وَيُبَيِّنُ اللَّهُ لَكُمُ = അല്ലാഹു നിങ്ങൾക്ക് വിശദമാക്കിത്തരികയും ചെയ്യുന്നു   الْآيَاتِ = (സന്മാർഗദർശക) സൂക്തങ്ങൾ
وَاللَّهُ عَلِيمٌ حَكِيمٌ = അല്ലാഹു സർവജ്ഞനാകുന്നു(നും) യുക്തിമാനായ(നും ആകുന്നു)

ഇവിടെ يعظكم എന്ന വാക്കിൽ താക്കീതിന്റെയും നിഷേധത്തിന്റെയും ആശയമുണ്ട്. അതുകൊണ്ടാണ് أَنْ لا تَعُودُوا എന്ന വാക്കിലെ لا അനുക്തമാക്കിയതെന്ന് ഭാഷാഭിജ്ഞർ പറയുന്നു. ഈ സൂക്തങ്ങളും മുൻ സൂക്തങ്ങളിൽ വന്ന ഉദ്ബോധനത്തിന്റെ ഭാഗമാണ്. ഈ സൂറയിൽ പറഞ്ഞ നിയമനിർദേശങ്ങൾ ഗൗരവബുദ്ധ്യാ കണക്കിലെടുക്കുകയും പഠിക്കുകയും ചെയ്യേണ്ടത് അല്ലാഹുവിന്റെ അപ്രീതിയിൽനിന്ന് മുക്തിനേടാൻ അനിവാര്യമാണ്. അതുകൊണ്ടാണ് ഈ ഉദ്ബോധനം അടിക്കടി ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആഇശ(റ)യുമായി ബന്ധപ്പെട്ട അപവാദത്തിൽ സ്വീകരിച്ചതുപോലുള്ള തെറ്റായ സമീപനങ്ങൾ ഇനിയൊരിക്കലും നിങ്ങളിൽനിന്നുണ്ടാവാതിരിക്കാൻ ശ്രദ്ധിക്കണം. ഈമാനിന്റെ-സത്യവിശ്വാസത്തിന്റെ -താൽപര്യമാണത്. യഥാർഥ വിശ്വാസികളാണെങ്കിൽ- إِنْ كُنْتُمْ مُؤْمِنِينَ -അതായിരിക്കണം നിങ്ങളുടെ സ്വഭാവവും സംസ്കാരവും. ആളുകളുടെ അഭിമാനത്തിന് വിലകൽപിക്കാതെ കേൾക്കുന്നതൊക്കെ പാടിപ്പരത്തുകയാണെങ്കിൽ സത്യവിശ്വാസികൾ-മുഅ്മിനൂൻ-എന്ന നിങ്ങളുടെ അവകാശവാദം നിരർഥകമാകുന്നു. അല്ലാഹു ഈവിധം അവന്റെ മാർഗനിർദേശങ്ങൾ നിങ്ങൾക്ക് വ്യക്തമാക്കിത്തന്നിരിക്കുന്നു. ഇനി അത് പിന്തുടരേണ്ട ഉത്തരവാദിത്തം നിങ്ങളുടേതാണ്. ഓർത്തിരിക്കുക, അല്ലാഹുവിന്റെ മാർഗനിർദേശം സത്യജ്ഞാനത്തിലും നൈതിക തത്ത്വങ്ങളിലും അധിഷ്ഠിതമാകുന്നു. അവ പിന്തുടരുന്നതിലൂടെ നിങ്ങൾ അവന്റെ അനുഗ്രഹവും സൗഭാഗ്യവും നേടുന്നു. സർവജ്ഞനും യുക്തിമാനുമായ അവന് ഒന്നിലും ഒരു വീഴ്ചയും സംഭവിക്കുന്നില്ല. ■

---

إِنَّ الَّذِينَ يُحِبُّونَ أَنْ تَشِيعَ الْفَاحِشَةُ فِي الَّذِينَ آمَنُوا لَهُمْ عَذَابٌ أَلِيمٌ فِي
الدُّنْيَا وَالْآخِرَةِ ۚ وَاللَّهُ يَعْلَمُ وَأَنْتُمْ لَا تَعْلَمُونَ ﴿١٩﴾

**19.** സത്യവിശ്വാസികളുടെ സമാജത്തിൽ അശ്ലീലം പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവരുണ്ടല്ലോ, അവർക്കുള്ളത് വേദനയേറിയ ശിക്ഷയാകുന്നു; ഇഹത്തിലും പരത്തിലും. അല്ലാഹു അറിയുന്നു. നിങ്ങളോ അറിയുന്നില്ല.

**19**

إِنَّ الَّذِينَ يُحِبُّونَ = ഇഷ്ടപ്പെടുന്നവർ (ഉണ്ടല്ലോ)   أَنْ تَشِيعَ = പ്രചരിക്കുന്നത്
الْفَاحِشَةُ = മ്ലേഛവൃത്തികൾ (അശ്ലീലം, അനാശാസ്യം)   فِي الَّذِينَ آمَنُوا = സത്യവിശ്വാസികളിൽ (കളുടെ സമാജത്തിൽ)
لَهُمْ = അവർക്കുള്ളത്   عَذَابٌ أَلِيمٌ = വേദനയേറിയ ശിക്ഷയാകുന്നു   فِي الدُّنْيَا وَالْآخِرَةِ = ഇഹത്തിലും പരത്തിലും
وَاللَّهُ يَعْلَمُ = അല്ലാഹു അറിയുന്നു   وَأَنْتُمْ لَا تَعْلَمُونَ = നിങ്ങൾ(ളോ) അറിയുന്നില്ല

സമൂഹത്തിൽ അനാശാസ്യ നടപടികൾ സംബന്ധിച്ച വാർത്തകൾ പരക്കുന്നതിൽ രസംകൊള്ളുന്ന ചില ആളുകളുണ്ട്. അവർ രണ്ടു തരക്കാരാണ്: ഒന്ന്, നേരത്തേ സൂചിപ്പിച്ച പോലെ, സ്വന്തം മനസ്സിൽ ഒളിഞ്ഞുകിടക്കുന്ന അധാർമിക പ്രവണതകൾക്ക് ഒരു ന്യായീകരണമായി മറ്റുള്ളവരുടെ നടപടികളെ കണ്ട് ആശ്വസിക്കുന്നവർ. ഇത്തരക്കാർ ഏറിയോ കുറഞ്ഞോ എല്ലാ സമൂഹങ്ങളിലും ഉണ്ടാകും. നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ അവർ മൊത്തം സമൂഹത്തെ അധാർമികവും സദാചാരവിരുദ്ധവുമാക്കും. ആഭാസവാർത്തകൾ പെരുകുന്ന സമൂഹത്തിൽ അനാശാസ്യവൃത്തികൾ വളരാതിരിക്കില്ല. ഇന്നവർക്കും ഇന്നവർക്കും ആവാമെങ്കിൽ എന്തുകൊണ്ട് എനിക്കുമായിക്കൂടാ എന്നൊരു മാനോഭാവം ആളുകളെ സ്വാധീനിക്കുന്നു. ഈ മനോദോഷത്തിനു പുറമെ എതിർപക്ഷത്തെക്കുറിച്ചുള്ള അപവാദ പ്രചാരണം അവരെ തോൽപ്പിക്കാനുള്ള യുദ്ധതന്ത്രമായിക്കൂടി സ്വീകരിക്കുന്നവരാണ് രണ്ടാമത്തെ വിഭാഗം. മതപരമായും രാഷ്ട്രീയമായും സാംസ്കാരികമായുമൊക്കെ ചേരിതിരിഞ്ഞ് മത്സരിക്കുന്നവർ മറുചേരിക്കെതിരെ മേൽക്കൈ നേടാൻ അപവാദങ്ങൾ പ്രചരിപ്പിച്ച് അവർ കള്ളന്മാരും അധാർമികരുമാണെന്ന് ജനങ്ങളെ വിശ്വസിപ്പിക്കുന്ന തന്ത്രം ഇക്കാലത്തും നിർലോ

ഭം അവലംബിക്കപ്പെടുന്നുണ്ട്. മതസംഘടനകൾ പോലും ഈ നികൃഷ്ട നടപടികളിൽനിന്ന് മുക്തരല്ല. ഒരു മതസംഘടനയിൽ ലൈംഗികമോ സാമ്പത്തികമോ ആയ എന്തെങ്കിലും കിംവദന്തി ഉയർന്നാൽ, അവരുടെ പ്രതിയോഗികൾ അതിന്റെ നിജഃസ്ഥിതി ഒട്ടും പരിശോധിക്കാതെ സ്വന്തം പ്രസിദ്ധീകരണങ്ങളിലും സ്റ്റേജുകളിലും ആഘോഷിക്കുക സാധാരണമാണ്.

ആഇശ(റ)ക്കെതിരെ ഉയർന്ന അപവാദത്തിൽ ഉപരിസൂചിതമായ രണ്ടു ഘടകങ്ങളും പ്രവർത്തിച്ചതായി കാണാം. ധാർമിക-സദാചാര വിഷയങ്ങളിൽ മുസ്‌ലിംകൾ പുലർത്തുന്ന വിശുദ്ധിയിലുള്ള ജനങ്ങളുടെ മതിപ്പും വിശ്വാസവും തകർത്ത് അവരും തങ്ങളെപ്പോലെ കപടനാട്യക്കാരാണെന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടി കപട വിശ്വാസികളാണ് ഈ അപവാദത്തിന് തുടക്കമിട്ടത്. ധാർമിക വിഷയത്തിൽ മുസ്‌ലിംകൾ നേടിയ ജനവിശ്വാസവും മേധാവിത്വവും, മദീനയിലെ സവർണരും വേദവാഹകരുമായി അഹങ്കരിച്ചിരുന്ന യഹൂദരെയും വല്ലാതെ അസൂയപ്പെടുത്തിയിരുന്നു. ജാഹിലീ അറബികളുടേതു തന്നെയായിരുന്നു അവരുടെയും ധാർമിക-സദാചാര നിലവാരം. വേദക്കാരായിരുന്നിട്ടും അക്കാര്യത്തിൽ അവർക്ക് അറബികളേക്കാൾ തെല്ലും ഉയർന്നുനിൽക്കാനായില്ല. അതിനിടെ തികഞ്ഞ സദാചാരനിഷ്ഠരുടെയും നീതിമാന്മാരുടെയും ഒരു സംസ്കൃത സമൂഹമായി മുസ്‌ലിംകൾ ഉയർന്നുവന്നത് അവർക്ക് സഹിക്കാനാകുമായിരുന്നില്ല. മുസ്‌ലിംകളുടെ ധാർമിക മേധാവിത്വം തകർത്തുകൊണ്ട് പകതീർക്കാൻ കപടവിശ്വാസികളിലൂടെ യഹൂദർക്ക് ലഭിച്ച സുവർണാവസരമായിരുന്നു പ്രവാചക പത്നിയെക്കുറിച്ചുയർന്ന അപവാദം. ഈ ഗൂഢാലോചനയിൽ തൽപര കക്ഷികൾ വിജയിച്ചിരുന്നുവെങ്കിൽ മുസ്‌ലിംകൾ കെട്ടിപ്പടുത്ത ധാർമിക സദാചാര സൗധം അമ്പേ തകർന്നടിയുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ആ ശ്രമം പരാജയപ്പെട്ടു. അവർ കെട്ടിച്ചമച്ച അപവാദത്തിന്റെയും അതിന്മേൽ കെട്ടിപ്പടുത്ത സ്വപ്നങ്ങളുടെയും സൗധം തന്നെയാണ് തകർന്നുവീണത്. സ്വന്തം മനസ്സിൽ ഒളിഞ്ഞുകിടന്ന ദൗർബല്യങ്ങൾ മൂലം ചില യഥാർഥ സത്യവിശ്വാസികളും ഈ അപവാദപ്രചാരണത്തിൽ വീണുപോവുകയുണ്ടായി. ഇത്തരം അനാശാസ്യ വർത്തമാനങ്ങളുടെ പ്രചാരണം സമൂഹത്തിൽ സൃഷ്ടിക്കുന്ന ഭവിഷ്യത്തുകളെക്കുറിച്ച് അവർ ചിന്തിച്ചില്ല. തങ്ങൾ അപവദിക്കുന്നത് വിശ്വാസി സമൂഹത്തിന്റെ അഭിമാന സ്തംഭങ്ങളായ വ്യക്തിത്വങ്ങളെയാണെന്ന കാര്യവും വിസ്മരിച്ചുകളഞ്ഞു. എന്നാൽ അപവാദം സംബന്ധിച്ച ഖുർആൻ സൂക്തങ്ങളുടെ അവതരണത്തോടെ അത്തരക്കാർ നിയന്ത്രിക്കപ്പെട്ടു. സ്വന്തം ചെയ്തിയിൽ അവർ പശ്ചാത്തപിച്ചു.

മനോദൗഷ്ട്യം കൊണ്ടായാലും ദൗർബല്യം കൊണ്ടായാലും വിശ്വാസികളുടെ സമൂഹത്തിൽ അശ്ലീലം പ്രചരിപ്പിക്കുന്നത് ഇഹത്തിലും പരത്തിലും കൊടിയ ശിക്ഷയർഹിക്കുന്ന പാപമാണ്. നിയമത്തിന്റെ പിടിയിൽ പെടുന്ന വിധത്തിൽ ദുരാരോപണം ഉന്നയിച്ചാലുള്ള പ്രഹര ശിക്ഷയാണ് ഇഹത്തിൽ നേരിടേണ്ടിവരുന്ന ഒരു ശിക്ഷ. അത്തരക്കാർ സാക്ഷിക്ക് കൊള്ളാത്തവരായി പ്രഖ്യാപിക്കപ്പെടുന്നതും അപമാനിതരാകുന്നതും ശിക്ഷതന്നെ. ഇഹലോകത്ത് ചിലപ്പോൾ ശിക്ഷയനുഭവിക്കേണ്ടിവന്നിട്ടില്ലെന്നുവരാം. സഹോദരങ്ങളുടെ അഭിമാനം ഹനിച്ചതിനും സമൂഹത്തിൽ അശ്ലീലം പരത്തി മലിനമാക്കിയതിനുമുള്ള പാരത്രിക ശിക്ഷ ഒഴിഞ്ഞുപോകാൻ ഒരു പഴുതുമില്ല; ആത്മാർഥമായ പശ്ചാത്താപമല്ലാതെ.

സൂക്താന്ത്യത്തിലെ 'അല്ലാഹു അറിയുന്നു, നിങ്ങളോ അറിയുന്നില്ല'- وَاللَّهُ يَعْلَمُ وَأَنْتُمْ لَا تَعْلَمُونَ -എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: മുസ്‌ലിം സമൂഹത്തിൽ അസഭ്യവാർത്തകളും അപവാദങ്ങളും പ്രചരിക്കുന്നതിന്റെ ഭവിഷ്യത്തുകൾ നിങ്ങൾ മനസ്സിലാക്കുന്നില്ല. അത്തരം ചർച്ചകൾ ഉയർത്തിക്കൊണ്ടുവരുന്നതിന്റെ പിന്നിലുള്ള ഗൂഢാലോചനകൾ അറിയുന്നുമില്ല. അങ്ങനെ നിങ്ങൾ ആവലയിൽ ചെന്നുവീഴുകയാണ്. എന്നാൽ അല്ലാഹുവിന് അതെല്ലാം നന്നായി അറിയാം. ഇനിയെങ്കിലും ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ അതിന്റെ അദൃശ്യ ഭവിഷ്യത്തുകളെക്കുറിച്ച് നല്ലവണ്ണം ചിന്തിച്ചു മനസ്സിലാക്കി വേണം അതിനെ സമീപിക്കാൻ.

സൂക്തത്തിലെ 'സത്യവിശ്വാസികളുടെ സമാജത്തിൽ അശ്ലീലം പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവർ- إِنَّ الَّذِينَ يُحِبُّونَ أَنْ تَشِيعَ الْفَاحِشَةُ فِي الَّذِينَ آمَنُوا -എന്ന വാക്യത്തിലെ പദങ്ങൾ പ്രത്യേകം ശ്രദ്ധേയമാകുന്നു. ജനങ്ങളിൽ (فى النّاس) അല്ലെങ്കിൽ സമൂഹത്തിൽ (فى القوم) അശ്ലീലം പ്രചരിപ്പിക്കുന്നവർ എന്നാണല്ലോ സാധാരണ ഗതിയിൽ പറയേണ്ടത്. 'സത്യവിശ്വാസികളുടെ സമാജത്തിൽ'- فِي الَّذِينَ آمَنُوا -



എന്നു പറഞ്ഞത് ആഭാസ നടപടികളും അശ്ലീല ചർച്ചകളും ജാഹിലീ സമൂഹങ്ങളുടെ സ്വഭാവമാണ് എന്ന നിലക്കാണ്. അതിൽനിന്ന് മുക്തരായവരാണ് വിശ്വാസികൾ. വിശ്വാസികളുടെ സ്വഭാവചര്യകളെ അവിശ്വാസികളുടെ സ്വഭാവ ചര്യകളോട് സമീകരിക്കാൻ ശ്രമിക്കുന്നവരാണ് വിശ്വാസികളുടെ സമൂഹത്തിൽ അശ്ലീലം പ്രചരിപ്പിക്കുന്നവർ. الَّذِينَ يُحِبُّونَ أَنْ تَشِيعَ الْفَاحِشَةُ(അശ്ലീലം പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവർ) എന്ന വാക്ക് ഏറെ അർഥവത്താകുന്നു. അശ്ലീലങ്ങളും അപവാദങ്ങളും കർമണാ പ്രചരിപ്പിക്കുന്നവർ മാത്രമല്ല, ആ പ്രചാരവേലയിൽ പങ്കെടുത്തില്ലെങ്കിലും സമൂഹത്തിലെ പ്രമുഖരെക്കുറിച്ച് അപവാദങ്ങളുയരുമ്പോൾ കൗതുകപൂർവം കേട്ടു രസിക്കുന്നവരും അത് പ്രചരിച്ചുകാണാൻ മനസ്സുകൊണ്ട് ആഗ്രഹിക്കുന്നവരും ഇരുലോകത്തും കൊടിയ ശിക്ഷക്കർഹരാകുന്നു എന്നാണ് പറയുന്നത്. ഒരു കുറ്റം ആദ്യം ഉളവാകുന്നത് കുറ്റവാളിയുടെ മനസ്സിലാണ്. മനസ്സിലുളവാകുന്ന പാപത്തിന്റെ വെളിപ്പെടലാണ് അതിന്റെ കർമരൂപം. മനസ്സിൽ തോന്നലായി ഉത്ഭവിക്കുന്ന പാപം തീരുമാനമായി ഉറക്കുമ്പോഴാണ് കർമമായി പുറത്തുവരുന്നത്. സത്യവിശ്വാസി പാപം ചെയ്യാതിരിക്കേണ്ടത് അതുമായി ബന്ധപ്പെട്ടവരെ ഭയന്നുകൊണ്ടോ തന്റെ ഏതെങ്കിലും ഭൗതിക താൽപര്യം ഹനിക്കപ്പെടാൻ അതിടയാക്കുമെന്നതുകൊണ്ടോ ആവരുത്. അതു പാപമാണെന്നും നിന്ദ്യവും വർജ്യവുമാണെന്നുമുള്ള ബോധം കൊണ്ടായിരിക്കണം. ആ ബോധമുള്ളവർക്ക് മറ്റുള്ളവർ അതു ചെയ്യുന്നതു കണ്ടാൽ സന്തോഷിക്കാനോ അവരെ പ്രോത്സാഹിപ്പിക്കാനോ കഴിയില്ല. ഒരു സദാചാരവിരുദ്ധ നടപടിയെക്കുറിച്ചുള്ള വാർത്ത നമ്മെ സന്തോഷിപ്പിക്കുകയും അതിന്റെ പ്രചാരണം നാം ആഗ്രഹിക്കുകയും ചെയ്യുന്നതിനർഥം അത്തരം നടപടികളിലും വാർത്തകളിലും നമ്മുടെ മനസ്സും രമിക്കുന്നു എന്നാണ്. ക്രമേണ ഈ രമ്യത തീരുമാനമായി ഉറക്കുകയും കർമമായി പൂവണിയുകയും ചെയ്യും. അതുകൊണ്ട് യഥാർഥ സത്യവിശ്വാസികൾ മാന്യന്മാരെ അപകീർത്തിപ്പെടുത്തുന്ന അപവാദ കഥകൾ കൗതുകത്തോടെ കേൾക്കാനോ ചർച്ചചെയ്യാനോ ഇഷ്ടപ്പെടുകയില്ല. ഇതൊന്നും സംസാരിക്കുക ഞങ്ങൾക്ക് ഭൂഷണമല്ല. ഞങ്ങളുടെ സംസ്കാരം അതനുവദിക്കുന്നില്ല- مَا يَكُونُ لَنَا أَنْ نَتَكَلَّمَ بِهَٰذَا -എന്നായിരിക്കും അവരുടെ പ്രതികരണം. വിശ്വാസികളായിട്ടും വിശ്വാസം ആവശ്യപ്പെടുന്ന സംസ്കാരം ആർജിക്കാത്തവരും മനസ്സിൽ മാലിന്യത്തിന്റെ അംശങ്ങൾ പേറുന്നവരും അശ്ലീല കഥകൾ കേൾക്കുമ്പോൾ അതിലാകൃഷ്ടരാവുകയും തങ്ങളുടെ ദൗർബല്യത്തിൽ തങ്ങളേക്കാൾ മുന്തിയവരുണ്ടല്ലോ എന്നാശ്വസിക്കുകയും ചെയ്യുന്നു. അപവാദത്തിനിരയാകുന്നവർ എത്രകണ്ട് വിശിഷ്ടരും ബഹുമാന്യരുമാണോ അത്രകണ്ട് ഇക്കൂട്ടരുടെ സന്തോഷവും അതു പ്രചരിപ്പിക്കുന്നതിലുള്ള ആവേശവും വർധിക്കുന്നു. ■

---

وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ وَأَنَّ اللَّهَ رَءُوفٌ رَحِيمٌ ﴿٢٠﴾

**20.** നിങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹവും കനിവും ഇല്ലായിരുന്നുവെങ്കിലും അല്ലാഹു ഏറ്റവും കനിവുറ്റവനും ദയാപരനും അല്ലായിരുന്നുവെങ്കിലും ഇപ്പോൾ പ്രചരിച്ച അപവാദം ഗുരുതരമായ ദുരന്തം സൃഷ്ടിക്കുമായിരുന്നു.

**20**

وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ = നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹം ഇല്ലായിരുന്നുവെങ്കിൽ(ലും)

وَرَحْمَتُهُ = അവന്റെ കാരുണ്യവും  وَأَنَّ اللَّهَ = തീർച്ചയായും അല്ലാഹു  رَءُوفٌ = ഏറ്റവും കനിവുറ്റവൻ(നും)

رَحِيمٌ = ദയാപരനും(ദയാപരനായ) അല്ലായിരുന്നുവെങ്കിൽ

(ഇപ്പോൾ പ്രചരിച്ച അപവാദം ഗുരുതരമായ ദുരന്തം സൃഷ്ടിക്കുമായിരുന്നു)

ഈ വചനം ചെറിയ വ്യത്യാസത്തോടെ 10-ാം സൂക്തത്തിൽ വന്നിട്ടുള്ളതാണ്. അവിടെ تَوَّابٌ حَكِيمٌ എന്നു പറഞ്ഞ സ്ഥാനത്ത് ഇവിടെ رَءُوفٌ رَحِيمٌ എന്ന് പറഞ്ഞിരിക്കുന്നുവെന്നതാണ് വ്യത്യാസം. 'അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ' എന്ന വാക്യത്തിന്റെ പൂരകം ഇവിടെയും അനുക്തമാകുന്നു. ഈ ഉദ്ബോധനത്തിന്റെ ഗൗരവത്തെയാണ് അത് സൂചിപ്പിക്കുന്നത്. സാരമിതാണ്: നിങ്ങൾ ചെയ്ത, ഇഹത്തിലും പരത്തിലും ശിക്ഷാർഹമാകുന്ന ഈ മഹാപരാധത്തിന്റെ പേരിൽ അല്ലാഹു ശിക്ഷിക്കാത്തത് അവന് നിങ്ങളോടുള്ള കനിവു കൊണ്ടും കാരുണ്യം കൊണ്ടുമാണ്. സ്വന്തം അപരാധം തിരിച്ചറിയാനും പശ്ചാത്തപിക്കാനും സ്വയം സംസ്കരിക്കാനും നിങ്ങൾക്ക് അവസരം തന്നിരിക്കുകയാണ് അവനിപ്പോൾ. ■